# തൈര

## നൻമയായി ഒരു പെൺകുട്ടി

• ആബിദ് കോലിക്കര



*തൈര ഭക്ഷണപ്പൊതികളുമായി*

പരീക്ഷയും പഠനവും കളികളും പാഠപുസ്തകങ്ങളുമാണ് നമ്മൾ സാധാരണ കുട്ടികളുടെ ലോകം. എന്നാൽ തൈര എന്ന പത്താം ക്ലാസുകാരി വിശക്കുന്നവന് അന്നവുമായി ഇറങ്ങുകയാണ്.

ഗുരുഗ്രാമിലെ ശ്രീറാം സ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥിനിയാണ് തൈര. ഡബിൾ റൊട്ടി എന്ന സംരംഭത്തിലൂടെ നാലോളം അനാഥ -അഗതി മന്ദിരത്തിലേക്ക് ഭക്ഷണമെത്തിക്കുന്നുണ്ട് ഈ ചെറുപ്രായത്തിലവൾ. താൻ പങ്കെടുത്ത ഒരു ആഡംബര കല്യാണത്തിൽ ബാക്കിയായ ഭക്ഷണം വെറുതെ കളയുന്ന കാഴ്ച കണ്ട അവൾ ഏറെ സങ്കടപ്പെട്ടു. ഭക്ഷണത്തിന്റെ കുറവല്ല, അത് എത്തേണ്ടവരിൽ എത്താത്തതാണ് പ്രശ്നം എന്നവൾ മനസ്സിലാക്കി.

തന്റെ സഹോദരന്റെ സഹായത്തോടെയാണ് തൈര ഡബിൾ റൊട്ടിയുടെ പ്രവർത്തനം തുടങ്ങിയത്. ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിൽ പഠിക്കുകയാണ് സഹോദരൻ. നാട്ടിലെത്തുമ്പോൾ ജ്യേഷ്ഠനും തനിക്കൊപ്പം റൊട്ടിയെത്തിക്കാൻ ചേരുമെന്ന് തൈര പറയുന്നു.

ബേക്കറികളിലെ ചെലവാകാത്ത ഭക്ഷണസാധനങ്ങൾ ശേഖരിച്ചാണ് തൈര വേണ്ടിടത്ത് എത്തിക്കുന്നത്. ഓരോ ആഴ്ചയിൽ 300 മുതൽ 400 പേർക്കെങ്കിലും ഇപ്പോൾ ബ്രെഡ് നൽകുന്നു. ഭക്ഷണത്തിന്റെ ഗുണമേൻമയിൽ നന്നായി ശ്രദ്ധിക്കുന്ന 'ഡബിൾ റൊട്ടി' ശീതീകരിച്ച വണ്ടിയിലാണ് ഇവ വിതരണത്തിന് കൊണ്ടുപോകുന്നത്. ഡൽഹിയിലെ പ്രധാന ബേക്കറി ശൃംഖലയായ മോഡേൺ ബസാറിനോട് സഹകരിച്ചാണ് 'ഡബിൾ റൊട്ടി' പ്രവർത്തിക്കുന്നത്. കൂടുതൽ ഫണ്ട് ശേഖരിച്ച് തന്റെ പദ്ധതി വ്യാപിപ്പിക്കാനുള്ള തെയ്യാറെടുപ്പിലാണ് തൈര ഇപ്പോൾ. വീട്ടുകാരും കൂട്ടുകാരമാണ് തൈരയുടെ പിന്നിലുള്ള ശക്തി.

ഈ ചെറുപ്രായത്തിൽത്തന്നെ മറ്റുള്ളവരുടെ വിശപ്പറിഞ്ഞ തൈര കൂട്ടുകാർക്കെല്ലാം മാതൃകയാണ്.